**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3255** **15-02-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) | മഞ്ചേരി ഒലിപ്പുഴ റോഡ്പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിരുന്നു. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് റെവന്യൂ വകുപ്പിൽ നിന്ന് 19.01.2021-ൽ അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനുള്ള സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 09.06.2022 തീയതിയിൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനായുള്ള കണ്ടിജൻസി ചാർജ് മലപ്പുറം കിഫ്ബി എൽ.എ തഹസിൽദാർ യൂണിറ്റ് 2 ന് കൈമാറിയിട്ടുണ്ട്. NATPAC സമർപ്പിച്ച LA പ്ലാൻ / അലൈൻമെൻറ് പ്രകാരം റോഡ് പ്രവൃത്തിക്ക് ആവശ്യമായ വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിച്ച് റവന്യൂ വകുപ്പിന് സ്കെച്ച് സമർപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. തുടർന്ന് റെവന്യൂ വകുപ്പ് മുഖാന്തരം RFCT LARR ആക്ട് 2013 ചട്ടങ്ങൾക്ക് വിധേയമായി സ്ഥലമേറ്റെടുപ്പ് നടപടികൾ, പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | റോഡിനായി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ പൊളിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | NATPAC തയ്യാറാക്കിയ അലൈൻമെൻറ് പ്രകാരം റോഡിൽ അലൈൻമെൻറ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള LA സ്കെച്ച് തയ്യാറാക്കുന്ന പ്രവൃത്തിയാണ് ഇപ്പോൾ പുരോഗമിക്കുന്നത്. LA സ്കെച്ച് തയ്യാറാക്കുന്നതിനായി FMB സ്കെച്ച് 31/01/2024 തീയ്യതിയിൽ ലഭ്യമായിട്ടുണ്ട്. FMB സ്കെച്ച് സൂപ്പർ ഇംപോസ് ചെയ്യുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഈ സ്കെച്ച് പൂർത്തിയായതിനു ശേഷം മാത്രമേ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവ്വേ നമ്പറുകളിൽ നിന്ന് സ്വകാര്യ വ്യക്തികളുടെ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത് എന്നും കെട്ടിടങ്ങൾ |

| | | | |
|---|---|---|---|
| | | | പൊളിക്കേണ്ടതുണ്ടോ എന്നും സംബന്ധിച്ച അന്തിമ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | റോഡ് നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളുടെ എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (സി) | NATPAC തയ്യാറാക്കിയ അലൈൻമെൻറ് പ്രകാരം റോഡിൽ അലൈൻമെൻറ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള LA സ്കെച്ച് തയ്യാറാക്കുന്ന പ്രവൃത്തിയാണ് ഇപ്പോൾ പുരോഗമിക്കുന്നത്. LA സ്കെച്ച് തയ്യാറാക്കുന്നതിനായി FMB സ്കെച്ച് 31/01/2024 തീയ്യതിയിൽ ലഭ്യമായിട്ടുണ്ട്. FMB സ്കെച്ച് സൂപ്പർ ഇംപോസ് ചെയ്യുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഈ സ്കെച്ച് പൂർത്തിയായതിനു ശേഷം മാത്രമേ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവ്വേ നമ്പറുകളിൽ നിന്ന് സ്വകാര്യ വ്യക്തികളുടെ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത് എന്നും കെട്ടിടങ്ങൾ പൊളിക്കേണ്ടതുണ്ടോ എന്നും സംബന്ധിച്ച അന്തിമ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ